പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1342 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ അന്തർ സംസ്ഥാന സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. തോമസ്.<br>" വി.ടി.ബൽറാം | തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ് പ്രസ് ബസ്സുകൾ തമിഴ് നാട്ടിലും കർണാടകത്തിലും ഒരു ദിവസം എത്ര കിലോമീറ്റർവീതം സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; കിലോമീറ്ററിനു എത്ര രൂപ നിരക്കിലാണ് സർവ്വീസ് നടത്തുന്നത്; | (എ) | അന്തർ സംസ്ഥാന കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. അന്തർ സംസ്ഥാന കരാറുകൾ പ്രകാരം തമിഴ് നാട്ടിൽ 33016.4 കിലോമീറ്ററും, കർണ്ണാടകയിൽ 42342.8 കിലോമീറ്ററും സർവ്വീസ് നടത്തുന്നതിനാണ് അനുമതി നൽകിയിരിക്കുന്നത്. അന്തർ സംസ്ഥാന കരാർ പ്രകാരം അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള നിരക്ക് അനുസരിച്ച് സർവ്വീസ് നടത്തുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br>നിരക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു<br>**കർണ്ണാടക**<br>1. ഓർഡിനറി - 59.75 പൈസ<br>2. ഫാസ്റ്റ്/സൂപ്പർ ഫാസ്റ്റ് - 91 പൈസ<br>3. സൂപ്പർ എക്സ്പ്രസ് - 111.5 പൈസ<br>4. സൂപ്പർ ഡീലക്സ് - 131 പൈസ<br>5. മൾട്ടി ആക്സിൽ - 214 പൈസ<br>**തമിഴ്നാട്**<br>1. ഓർഡിനറി - 42 പൈസ<br>2. ഫാസ്റ്റ് പാസഞ്ചർ - 56 പൈസ<br>3. സൂപ്പർ ഫാസ്റ്റ് - 60 പൈസ<br>4. സൂപ്പർ എക്സ്പ്രസ് - 70 പൈസ<br>5. സൂപ്പർ ഡീലക്സ് - 90 പൈസ<br>6. വോൾവോ /മൾട്ടി ആക്സിൽ - 110 പൈസ |
| (ബി) | കേരളത്തിൽ കിലോമീറ്ററിന് എത്ര രൂപയ്ക്കാണ് പ്രസ്തുത സർവ്വീസ് നടത്തുന്നത്; | (ബി) | 1. ഓർഡിനറി - 64 പൈസ<br>2. ഫാസ്റ്റ് പാസഞ്ചർ - 68 പൈസ<br>3. സൂപ്പർ ഫാസ്റ്റ് - 72 പൈസ<br>4. സൂപ്പർ എക്സ്പ്രസ് - 77 പൈസ |

| | | | |
|---|---|---|---|
| | | | 5. സൂപ്പർ ഡീലക്സ് - 90 പൈസ<br>6. എ.സി - 110 പൈസ<br>7. വോൾവോ - 130 പൈസ<br>8. മൾട്ടി ആക്സിൽ /സ്കാനിയ -191 പൈസ |
| (സി) | തമിഴ് നാട്ടിലും കർണാടകത്തിലും സർവ്വീസുകൾ നടത്തുന്നതുമൂലം ഒരു ദിവസം കെ.എസ്.ആർ.ടി.സി. ക്ക് ഉണ്ടാകുന്ന നഷ്ടമെത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | 40 രൂപയെങ്കിലും ശരാശരി കിലോമീറ്റർ വരുമാനം ലഭിച്ചെങ്കിൽ മാത്രമേ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ലാഭ-നഷ്ടമില്ലാത്ത അവസ്ഥയിൽ സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളൂ. 1950-ലെ ആർ.ടി.സി നിയമത്തിലെയും, 1988-ലെ മോട്ടോർ വാഹന നിയമത്തിലെയും വ്യവസ്ഥകൾ അനുസരിച്ച് കേരള സംസ്ഥാനം തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള അന്തർ സംസ്ഥാന ഗതാഗത കരാറിന്റെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേക്ക് അന്തർ സംസ്ഥാന സർവ്വീസ് നടത്തി വരുന്നത്. ഇരു സംസ്ഥാനങ്ങളിലെയും യാത്രക്കാർക്ക് സൗകര്യപ്രദമായ യാത്രാസൗകര്യം ഉറപ്പ് വരുത്തുന്നതിനായാണ് അന്തർ സംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി നടത്തിവരുന്നത്. നിലവിൽ കെ.എസ്.ആർ.ടി.സി നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകൾ മാത്രമായി ഉണ്ടാകുന്ന നഷ്ടം സംബന്ധിച്ച വിവരങ്ങൾ കണക്കാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**